# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1464 — 06.03.2020-ൽ മറുപടിയ്ക്ക്

## അർബൻ സർവ്വീസ് ഡെലിവറി പ്രോജക്ട്

| ചോദ്യം<br>ശ്രീ. എം. വിൻസെൻറ് | | മറുപടി<br>ശ്രീ. എ. സി. മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നഗരസഭകൾ നേരിടുന്ന മാലിന്യ സംസ്കരണ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സീവേജ്, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അർബൻ സർവ്വീസ് ഡെലിവറി പ്രോജക്ട് എന്ന പദ്ധതി ആവിഷ് ക്കരിച്ചിട്ടുണ്ടോ; | (എ) | നഗരസഭകൾ നേരിടുന്ന മാലിന്യ സംസ്കരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മാലിന്യ സംസ്കരണ രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ബന്ധപ്പെട്ട ആസ്തികളുടെ തുടർ പരിപാലനം ഉറപ്പാക്കുന്നതിനും കേരള അർബൻ സർവീസ് ഡെലിവറി പ്രൊജക്റ്റ് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ലോകബാങ്കിന്റെ സഹായം ലഭ്യമാണോ; വിശദാംശം നൽകുമോ; ഇതിന്റെ പലിശ നിരക്കും തിരിച്ചടവ് കാലാവധിയും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിക്ക് 300 മില്യൺ ഡോളറിന്റെ ലോക ബാങ്ക് സഹായം ലഭ്യമാണ്. 2 % പലിശ നിരക്കിൽ 25 വർഷമാണ് തിരിച്ചടവ് കാലാവധി. |
| (സി) | നഗരസഭകൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതിവിഹിതത്തിന് പുറമെയാണോ ലോകബാങ്ക് വായ്പ അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | നഗരസഭകൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതത്തിനു പുറമെ ലോക ബാങ്ക് സഹായം അനുവദിക്കുന്നതിന് 23.01.2020 ലെ സ.ഉ.(കൈ) നം. 20/2020/തസ്വഭവ ഉത്തരവ് പ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യത്തിൽ നഗരസ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾക്കൊളളിക്കണമെന്ന് ലോക ബാങ്കിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ; അതിന്മേലുള്ള പ്രതികരണം എന്താണ്; വിശദാംശം നൽകാമോ? | (ഡി) | നിലവിൽ കേരളത്തിലെ നഗരസഭകൾക്ക് ലോക ബാങ്ക് സഹായം നൽകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ലോക ബാങ്കിന്റെ നിർദ്ദേശപ്രകാരമാണ് നഗരങ്ങളെ മാത്രം ഉൾക്കൊള്ളിച്ചിട്ടുള്ളത്. നഗര സ്വഭാവമുള്ള ഗ്രാമ പഞ്ചായത്തുകളെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിക്കണമെന്നു രേഖാമൂലം ലോക ബാങ്കിനോട് അഭ്യർഥിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ